# ACADEMIC MASTERPLAN 2025-26

# PMSAMUP SCHOOL

VENGARA KUTTOOR

# അക്കാദമിക് മാസ്റ്റർപ്ലാൻ
# 2025-26

വി.എം.എസ്.എ എം.യു.പി. സ്കൂൾ

വേങ്ങര കുറ്റൂർ , പി.ഒ. കൂരിയാട്

സബ്ജില്ല : വേങ്ങര

വിദ്യാഭ്യാസ ജില്ല : തിരൂരങ്ങാടി

മലപ്പുറം ജില്ല

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം

മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ വേങ്ങര ഗ്രാമപഞ്ചായത്തിൽ 3-ാം വാർഡിൽ പാക്കടപ്പുറായ എന്ന കൊച്ചു ഭൂപ്രദേശത്തിൽ ആണ് പുത്തൻ മാളിയേക്കൽ സയ്യിദ് അലവി മെമ്മോറിയൽ യു.പി സ്കൂൾ എന്ന പി.എം.എസ് എ.എം. യു.പി സ്കൂൾ വേങ്ങര കുറ്റൂർ സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികപരവുമായ വളർച്ചയിൽ ഈ വിദ്യാലയത്തിന് സുപ്രധാനമായ ഒരു പങ്കുണ്ട്

നാടിന്റെ പുരോഗതി സ്വപ്നം കണ്ട ഒട്ടേറെ മഹത് വ്യക്തികളുടെ ആത്മാർത്ഥമായ സഹകരണവും പിന്തുണയും കൊണ്ടാണ് ഈ വിദ്യാലയം ഇന്നും വിജയപാതയിൽ മുന്നേറി കൊണ്ട് നാടിന് അഭിമാനമായി നിലകൊള്ളുന്നത്. സമൂഹത്തിന്റെ വ്യത്യസ്ത തുറകളിൽ സേവനമനുഷ്ഠിച്ചു കൊണ്ടിരിക്കുന്ന ഒട്ടേറെ പ്രമുഖ വ്യക്തികൾ ഈ വിദ്യാലയത്തിന്റെ തിരുമുറ്റത്ത് നിന്ന് അക്ഷര മധുരം നുകർന്ന് കടന്നു പോയവരാണ്. ഈ വിദ്യാലയത്തിന്റെ പൂർവ്വകാല ചരിത്രത്തിലേക്ക് നമുക്കൊന്ന് തിരിഞ്ഞു നോക്കാം.

1976 ജൂൺ ഒന്നിന് ഒരു എയ്ഡഡ് മാനേജ്മെന്റ് സ്കൂളായി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയത്തിന്റെ പ്രഥമ മാനേജർ ശ്രീ. കെ.പി മുഹമ്മദ് ഹാജി അവർകളായിരുന്നു. 1977-ൽ ഇദ്ദേഹത്തിന്റെ നിര്യാണത്തോടെ സ്ഥാപനത്തിന്

കരുത്തുറ്റ ഒരു നേതൃത്വത്തിന്റെ അഭാവം നേരിട്ടു. അങ്ങനെ നീണ്ട പതിനൊന്ന് വർഷക്കാലത്തെ കാത്തിരിപ്പിനൊടുവിൽ 1996-ൽ കൊണ്ടോട്ടി സ്വദേശി മൊയ്തീൻ കുട്ടി ഡോക്ടർ സ്കൂളിന്റെ താൽക്കാലിക മാനേജർ ആവുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 19 ക്ലാസ് മുറികളോട് കൂടിയ ഇരുനില കെട്ടിടം നിർമ്മിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

തുടർന്ന് 2001-ൽ മുൻമാനേജരുടെ മൂത്ത മകനായ ശ്രീ കെ.പി കുഞ്ഞാലി ഹാജി മാനേജരായി ചുമതലയേറ്റു അദ്ദേഹത്തിന്റെ മരണശേഷം പത്നിയായ ശ്രീമതി ചാക്കീരി പാത്തുമ്മ അവർകൾ സ്കൂൾ മാനേജരായി പ്രവർത്തിച്ചു. ഇന്ന് മാനേജർ ശ്രീ. കെ. മുഹമ്മദ് ഷെരീഫിന്റെ നേതൃത്വത്തിൽ ഒട്ടേറെ വികസന മുന്നേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു കൊണ്ട് വേങ്ങര വിദ്യാഭ്യാസ ഉപജില്ലയിലെ വിദ്യാലയങ്ങളിലൊന്നായി മുന്നേറ്റം തുടരുകയാണ്.

പ്രധാന അധ്യാപകനായ ശ്രീ. പ.എ.പി ഷിജിത്ത് മാസ്റ്ററുടെ കർമ്മോത്സുകത ഈ വിദ്യാലയത്തിന് ഇന്ന് മുതൽക്കൂട്ടാണ് സ്കൂളിന്റെ വികസന മുന്നേറ്റത്തിൽ ഏറെ തൽപരരായ ഒട്ടേറെ പി.ടി.എ ഭാരവാഹികളുടെയും മാനേജ്മെന്റിന്റെയും അശ്രാന്ത പരിശ്രമം വഴി ഇന്ന് 34 സ്റ്റാഫും ഒരു നോൺ ടീച്ചിംഗ് സ്റ്റാഫും 916 കുട്ടികളുമുള്ള ഒരു മികച്ച വിദ്യാലയമായി പ്രവർത്തനം തുടരുകയാണ്.

# പൊതുവിശകലനം

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിൽ വേങ്ങര ഗ്രാമപഞ്ചായത്തിൽ 3-ാം വാർഡിലാണ് സബ്ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായ പി.എം.എസ്.എ.എം.യു.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1976 ജൂൺ മാസം ഒന്നാം തിയ്യതി ഈ വിദ്യാലയം പ്രവർത്തനമാരംഭിച്ചു. യു.പി വിഭാഗത്തിൽ 5 മുതൽ 7 വരെ ക്ലാസുകളാണ് ഇവിടെയുള്ളത്.

മാടംചിന, കുറിയാട് കച്ചേരിപ്പടി ഗാന്ധിക്കുന്ന് തോട്ടപ്പുറം, കുറ്റൂർ, കണ്ണാട്ടിപ്പടി, പാക്കടപ്പുറായ എന്നി പ്രദേശങ്ങളിൽ നിന്ന് വരുന്ന കുട്ടികളാണ് പ്രധാനമായും ഈ വിദ്യാലയത്തിൽ പഠനം നടത്തുന്നത്. 5, 6, 7 ക്ലാസുകളിലായി 24 ഡിവിഷനുകൾ പ്രവർത്തിക്കുന്നു. 916 കുട്ടികൾ എല്ലാ ക്ലാസുകളിലുമായി ഈ വിദ്യാലയത്തിലുണ്ട്. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 34 അധ്യാപകരും ഒരു ഓഫീസ് സ്റ്റാഫും ഇവിടെ ജീവനക്കാരായി ഉണ്ട്. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സബ്ജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നാണ് ഇത്. രക്ഷിതാക്കളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് 5, 6, 7 ക്ലാസുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകളും നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

# പി.എം.എസ്.എ.എം.യു പി സ്കൂൾ വേങ്ങര കൂറ്റൂർ

## അടിസ്ഥാന വിവരങ്ങൾ 2025-26

| | |
|---|---|
| സ്കൂളിന്റെ പേര് | : പി.എം.എസ്.എ.എം.യു.പി സ്കൂൾ വേങ്ങര കൂറ്റൂർ |
| സ്ഥാപിച്ച വർഷം | : 1976 ജൂൺ ഒന്ന് |
| പഞ്ചായത്ത് | : വേങ്ങര |
| താലൂക്ക് | : തിരൂരങ്ങാടി |
| വിദ്യാഭ്യാസ ജില്ല | : തിരൂരങ്ങാടി |
| സബ് ജില്ല | : വേങ്ങര |
| റവന്യൂ ജില്ല | : മലപ്പുറം |
| ബി.ആർ.സി | : വേങ്ങര |
| വാർഡ് നമ്പർ പേര് | : 3 പാക്കടപ്പുറായ |
| ഹെഡ്മാസ്റ്റർ | : എ.പി ഷിജിത്ത് |
| ഫോൺ | : 9847491086 |
| ഇ- മെയിൽ | : Pmsamups vk @gmail.com |
| സ്കൂൾ കോഡ് | : 19887 |
| പഠന മാധ്യമം | : മലയാളം, ഇംഗ്ലീഷ് |
| മാനേജർ | : കെ. മുഹമ്മദ് ഷെരീഫ് |
| പി.ടി.എ പ്രസിഡണ്ട് | |
| എം.ടി.എ പ്രസിഡണ്ട് | |
| വാർഡ് മെമ്പർ | : ഫസീന ഫസൽ |

# ചുമതലകൾ

മാനേജർ : ശ്രീ. കെ. മുഹമ്മദ് ഷെരീഫ്

ഹെഡ്മാസ്റ്റർ : ശ്രീ. എ. പി. ഷിജിത്ത്

സീനിയർ അസിസ്റ്റന്റ് : ശ്രീ അബൈസൻ. കെ ടി

സ്റ്റാഫ് സെക്രട്ടറി : ശ്രീ ഉണ്ണികൃഷ്ണൻ കൊല്ലേരി

സ്റ്റാഫ് കോർഡിനേറ്റർ : ശ്രീ കെ. പ്രദീപൻ

എസ്. ആർ. ജി കൺവീനർ : ശ്രീമതി ലറ്റീഷ്യ ലൂയിസ്

യു. എസ്. എസ് : ശ്രീമതി ലിജി. പി

ഉച്ചഭക്ഷണ കമ്മിറ്റി കൺവീനർ : ശ്രീമതി ഇർഷാന. കെ

കമ്മിറ്റി അംഗങ്ങൾ : ശ്രീമതി സനൂജ. എൻ
: ശ്രീമതി സാക്കിറ. കെ
: ശ്രീമതി ഹസനിയ. പി

ലൈബ്രറി : ശ്രീമതി സിന്ധുമോൾ തോമസ്

വിജയഭേരി കൺവീനർ & Guide : ശ്രീമതി ഷീജ. കെ. കെ

സ്കൗട്ട് & ഗൈഡ് (Band) : ശ്രീ മൻസൂർ. ടി. ടി
ശ്രീമതി മുബീന ടി. പി

പ്രോഗ്രാം കൺവീനർ : ശ്രീ മനോജ് കുമാർ ഇടത്തിൽ

ലൊമേമ് കൺവീനർ : ശ്രീമതി പ്രീത തനോൽ

സ്പോർട്സ് & ഡിസിപ്ലിൻ : ശ്രീ. കെ.ടി മുർതസ മൂസ

ഹെൽത്ത് IEDC & USS : സുമ. പി. ജി

ഗാന്ധിദർശൻ സമിതി കൺവീനർ : ശ്രീമതി അതുല്യ. കെ

വിദ്യാരംഗം കൺവീനർ : ശ്രീമതി ലിജിമോൾ. പി. ജോസൻ ഫിലിപ്പ്

പരിസ്ഥിതി കൺവീനർ : ശ്രീമതി ഹഫ്സ ഗോശാലക്കൽ

ഗണിതശാസ്ത്ര ക്ലബ്ബ് കൺവീനർ : ശ്രീമതി സലീന.ഇ

ശാസ്ത്ര ക്ലബ്ബ് കൺവീനർ : ശ്രീ സി.ജെ പ്രേമാനന്ദൻ

സാമൂഹ്യശാസ്ത്ര കൺവീനർ : ശ്രീ ബിജു. പി.പി

മലയാളം ക്ലബ്ബ് കൺവീനർ : ശ്രീമതി ലറ്റിഷ്യ ലൂയിസ്

ഇംഗ്ലീഷ് ക്ലബ്ബ് കൺവീനർ : ശ്രീ മനോജ് കുമാർ ഇടത്തിൽ

ഹിന്ദി ക്ലബ്ബ് കൺവീനർ : ശ്രീമതി. സി. ഷക്കീല

അറബി ക്ലബ്ബ് കൺവീനർ : ശ്രീമതി ഷാഹിന പനക്കൽ

പ്രവർത്തി പരിചയം : ശ്രീ ഇർഫാൻ. എം

പി.ടി.എ എം.ടി.എ : ശ്രീമതി ഫിബ ഫിറോസ്

ജാഗ്രത കൺവീനർ : ശ്രീമതി. സി. ഷക്കീല

ശുചിത്വം : ശ്രീമതി ധനശ്രീ വി.കെ
ശ്രീമതി ബുഷ്റ

Bus : ശ്രീ അജയ്. പി.കെ

SITC & Photo : ശ്രീ അവിനാഷ്

ഓഫീസ് അസിസ്റ്റന്റ് : ശ്രീ അഭിജിത്ത് .എം.കെ.

| CLASS | BOYS | GIRLS | TOTAL |
| --- | --- | --- | --- |
| V | 174 | 165 | 339 |
| VI | 140 | 162 | 302 |
| VII | 131 | 141 | 272 |
| GRAND TOTAL | | | 913 |

## കാഴ്ചപ്പാട്

പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് ഫലപ്രദമായ പഠനപ്രവർത്തനങ്ങൾ ഒരുക്കി ശരാശരി പഠനനേട്ടത്തിൽ എത്തിക്കാൻ സഹായകമായ മൊഡ്യൂളുകൾ തയ്യാറാകും. ഇത്തരം കുട്ടികളുടെ രക്ഷിതാക്കൾക്ക് മൊഡ്യൂൾ വിനിമയ ശില്പശാലകൾ സംഘടിപ്പിക്കും. വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികൾക്കും ഭാഷകൾ തെറ്റു കൂടാതെ എഴുതുവാനും വായിക്കുവാനും പ്രാപ്തരാക്കും. ഇതിനായ് സ്കൂൾ തലത്തിലും അതോടൊപ്പം വിജയഭേരി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാകും.

# സ്കൗട്ട് & ഗൈഡ്സ്

ഭാരത് സ്കൗട്ട് & ഗൈഡ്സിന്റെ പ്രവർത്തനം 2014 മുതൽ ഈ വിദ്യാലയത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇന്ന് കൂടുതൽ വിദ്യാർത്ഥി പങ്കാളിത്തത്തോടെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. സ്കൂൾ തലത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങളിൽ (കലാമേള, കായികമേള, ദിനാചരണങ്ങൾ) സ്കൗട്ട് & ഗൈഡിന്റെ സാന്നിധ്യം ഉറപ്പുവരുത്തുന്നു. അഞ്ചാം ക്ലാസിൽ പ്രവേശ് പരീക്ഷയും 6-ാം ക്ലാസിൽ പ്രഥമ സോപാൻ പരീക്ഷയും 7-ാം ക്ലാസിൽ ദ്വിതീയ സോപാൻ പരീക്ഷയും പൂർത്തിയാക്കാറുണ്ട്. സ്കൂൾ അച്ചടക്കവും ശുചിത്വവും കാത്ത് സൂക്ഷിക്കുന്നതിന് സ്കൗട്ട് & ഗൈഡിന്റെ പങ്ക് വിലപ്പെട്ടതാണ്

മേഖല : അക്കാദമികം

ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ ഗ്രഹണം നടത്താനും ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | പഠിതാക്കളുടെ അക്ഷര ജ്ഞാനം പരിശോധിക്കുന്നതിനായി അടിസ്ഥാന ശേഷി പരിശോധന നടത്തുന്നു. കുട്ടികൾക്ക് തുടർ പ്രവർത്തനങ്ങൾ നൽകുന്നു. | | | |
| | കുട്ടികൾക്ക് അവരുടെ അവധിക്കാല അനുഭവം പങ്കുവയ്ക്കുന്നതിന് അവസരം നൽകുന്നു. അത് അവരുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിന് സഹായിക്കും. ആശയ സംവേദനം സാധ്യമാക്കുന്നതിനായി വിവിധ വ്യവഹാരങ്ങൾ (കഥ, കവിത, യാത്രാക്കുറിപ്പ് അനുഭവക്കുറിപ്പ്) എന്നിവ നിർമ്മിക്കുന്നു | ജൂൺ | മലയാളം അധ്യാപകർ<br>ക്ലാസ് അധ്യാപകർ | |
| | **വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്കുകളുടെയും നിർമ്മാണം<br>**ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ഭാഷ ശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ<br>ജൂലൈ | മലയാളം അധ്യാപകർ | |

മേഖല : അക്കാദമികം

ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| പഠിതാവിൽ നിന്ന് അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | **വാർത്താലോകത്തേക്ക്**<br>പത്രം ആഴ്ചപ്പതിപ്പ് മാസികകൾ, കഥാപുസ്തകങ്ങൾ എന്നിവ കുട്ടികൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉല്ലസന്ന രുചി വളർത്തുകയും ചെയ്യുന്നു.<br>നവ മാധ്യമങ്ങളുടെ സഹായത്താൽ സ്കൂളിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന മത്സരം നടത്തുന്നു. ലൈബ്രറി പുസ്തകങ്ങൾ വായിക്കുകയും കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. | ജൂൺ to മാർച്ച് | | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ |
| സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി സർഗശേഷി വളർത്തൽ | **അഭിമുഖം**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായി അഭിമുഖം നടത്തുക.<br>**സംവാദം**<br>ക്ലാസിൽ സംവാദങ്ങൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം | | മലയാളം ക്ലബ് |

മേഖല : അക്കാദമികം

ഉപമേഖല : അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ പരമാവധി കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലുള്ള അക്ഷരങ്ങൾ എഴുതുമ്പോഴും ഉച്ചരിക്കുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടികൾക്ക് ഉപയോഗിക്കാൻ സാധിക്കുക. | ഡൈഗ്നോസ്റ്റിക് ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ, പ്ലാഷ് കാർഡുകൾ നിറം നൽകൽ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും ചെയ്യുന്നു. | മൂന്ന് മാസം | | |
| ഭാഷാ പരിജ്ഞാനത്തിൽ പഠിക്കാനും സംസാരിക്കാനും ഉപയോഗിക്കാനുമുള്ള കഴിവ് | അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനായി വാചക നിർമ്മാണം, ഭാഷാകേളികൾ നൂതന രീതികൾ പ്രയോഗിക്കുന്നു. പിയർ ഗ്രൂപ്പ് പഠനം | June to March | | |
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക. | ആഴ്ചയിലൊരിക്കൽ മറ്റ് അറബി പുസ്തകങ്ങളിൽ നിന്ന് വാക്കുകൾ ശേഖരിക്കുന്നു. ലഘു സംഭാഷണങ്ങൾ പരിശീലിപ്പിക്കുന്നു. കൂടുതൽ ചെയ്യുന്നവർക്ക് സമ്മാനം | June to March | | |

മേഖല : അക്കാദമികം

ഉപമേഖല : അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കൽ | * വായന മത്സരം<br>* ക്ലാസ് ലൈബ്രറി<br>* അറബിക് പത്രവായന<br>* പതിപ്പുകളുടെ നിർമ്മാണം<br>* ചെറിയ കഥകൾ, കവിതകൾ രചിക്കാൻ അവസരം<br>* ഭാഷാ കളികൾ<br>* എഴുത്ത് മത്സരങ്ങൾ നടത്തുന്നു (കാലിഗ്രാഫി) എഴുത്ത് പ്രദർശനം | June to March | | |
| വ്യത്യസ്ത ദിനങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണവുമായി ബന്ധപ്പെട്ട് പോസ്റ്ററുകളും പ്ലക്കാർഡുകളും നിർമ്മിക്കുന്നു. ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. പ്രതിഭകളെ കണ്ടെത്തുന്നു. | | | |
| പഠനത്തോടൊപ്പം സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന്റെ ലക്ഷ്യം | ചുമർ പത്ര നിർമ്മാണം<br>അറബിക് അസംബ്ലി<br>ക്വിസ് മത്സരങ്ങൾ<br>കലാമേളകളിലെ പങ്കാളിത്തം ഉറപ്പുവരുത്തൽ | | | |

മേഖല : അക്കാദമികം

ഉപമേഖല : ഉർദു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന | * ഉറുദു അക്ഷര കാർഡ് നിർമ്മിച്ച് വായിക്കുക<br>* ഉർദു പദകാർഡ് നിർമ്മാണം അവതരണം | 2 മാസം | സബ്ജക്ട് കൗൺസിൽ | അധ്യാപിക |
| | * ചെറിയ ചെറിയ വാചക നിർമ്മാണം<br>* കുട്ടിക്കവിതകൾ വായിക്കാൻ പ്രാപ്തരാക്കുക | 1 വർഷം | | |
| എഴുത്ത് | നോക്കാം എഴുതാം<br>* അഞ്ചാം ക്ലാസുകൾ അക്ഷരങ്ങൾ വാക്കുകൾ | 3 മാസം | | |
| | * ആറ്, ഏഴ് ക്ലാസുകൾ വാചകങ്ങൾ | | ഉർദു അധ്യാപിക | ഉർദു ക്ലബ്ബ് |
| | അക്ഷരവൃക്ഷം<br>അക്ഷരങ്ങൾ, വാക്കുകൾ വാക്യങ്ങൾ തുടങ്ങിയവ നിർമ്മിച്ച് പ്രദർശിപ്പിക്കാനുള്ള അവസരം നൽകുന്നു. | 2 മാസം | | |
| സർഗാത്മകത | * ഉർദു ദിനാചരണം, ടാലന്റ് മീറ്റ്, ക്വിസ് മത്സരം മെഗാ ക്വിസ് | 1 വർഷം | അധ്യാപിക | ഉർദു ക്ലബ്ബ് |
| | ഉർദു ഭാഷാശേഷിയും സർഗാത്മകതയും വളർത്തിയെടുക്കുക. കഥ കവിത സംഭാഷണം വിവരണം തുടങ്ങിയവ മെച്ചപ്പെടുത്തുക | 1 വർഷം | | |

മേഖല : അക്കാദമികം

ഉപമേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം | 6, 7 ക്ലാസിലെ സംസ്കൃത വിദ്യാർത്ഥികൾക്ക് പ്രീടെസ്റ്റ് നടത്തുന്നു. | ജൂൺ | അധ്യാപിക | |
| യു പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | അക്ഷരം പദ്യത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷരമാല പ്രദർശനം. അക്ഷരമരം നിർമ്മിക്കൽ | ഓഗസ്റ്റ് | | |
| കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുന്നു.<br>ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസ്ഥ.<br>പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. | ജൂലൈ<br>സെപ്റ്റംബർ | | |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാപഠന നേട്ടങ്ങൾ | ക്വിസ് രൂപീകരണം<br>കലണ്ടർ നിർമ്മാണം<br>പഠനോപകരണ നിർമ്മാണം | | | |

മേഖല : അക്കാദമികം

ഉപമേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | സംസ്കൃതം സംഭാഷണ ശിബിരം USS സംസ്കൃതം സ്കോളർഷിപ്പ് മുതലായ പരീക്ഷകൾക്കും കുട്ടികളെ തയ്യാറാക്കുന്നു. കലാമേളക്ക് തയ്യാറാക്കൽ | ജൂൺ to മാർച്ച് | അധ്യാപിക വിദ്യാർത്ഥികൾ | |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുദ്ധമായും വ്യക്തമായും ഇംഗ്ലീഷ് അക്ഷരമാല (capital and small) പറയുവാനും വായിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ക്ലാസ് അധ്യാപകരുടെ സഹായത്തോടെ എല്ലാ കുട്ടികളെയും ഇംഗ്ലീഷ് അക്ഷരമാല പറയുവാനും വായിക്കുവാനും അറിയാമെന്ന് ഉറപ്പു വരുത്തുന്നു. | ജൂൺ | class Teachers | English Club |
| | Follow me if you can<br>ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂലൈ | English Teachers | English club |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | Reading competition<br>വ്യത്യസ്ത തലങ്ങളിലായി വിവിധ കഥകൾ തെറ്റു കൂടാതെ ശരിയായ ഉച്ചാരണത്തിൽ വായിക്കാൻ അവസരം നൽകുന്നു. ലഘുവായതിൽ നിന്നും സങ്കീർണമായതിലേക്ക് | ജൂലൈ | English Teachers | English club |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലെ അടിസ്ഥാന grammer പരിചയപ്പെടുത്തുന്നു. | എല്ലാ ക്ലാസുകളിലെയും ഇംഗ്ലീഷ് അധ്യാപകരുടെ സഹായത്തോടെ ഇംഗ്ലീഷ് ഭാഷയിലെ അടിസ്ഥാന grammar കൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | August | English Teachers | English club |
| spell bee competition | അക്ഷരത്തെറ്റ് കൂടാതെ പുതിയ ഇംഗ്ലീഷ് വാക്കുകൾ പരിചയപ്പെടുവാനും പഠിക്കുവാനും അവസരമൊരുക്കുന്നു. | September | English Teachers | English club |
| Alert Zone | വിദ്യാലയത്തിൽ സ്ഥാപിച്ച വിവിധ സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും പ്രദർശിപ്പിക്കുന്നു. | october | English Teachers | English club |
| Memory Test | കുട്ടികൾക്ക് പരിചിതമായ ഇംഗ്ലീഷ് വാക്കുകൾ നൽകുകയും അത് തെറ്റ് കൂടാതെയും ക്രമം തെറ്റാതെയും പറയു-വാനും എഴുതുവാനും അവസരം നൽകുന്നു. | November | English Teachers | English club |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Poem writing | 5, 6, 7 ക്ലാസുകളിലെ കുട്ടികൾക്ക് വിവിധ ടോപ്പിക്കുകൾ നൽകി കൊണ്ട് അവരുടെ കഴിവിനനുസരിച്ച് Poem എഴുതാൻ അവസരം നൽകുന്നു. | January | English Teachers | English club |
| Run baby run | ക്ലാസിനെ ഗ്രൂപ്പുകൾ ആക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിന് ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം തെറ്റ് കൂടാതെ എഴുതിയ ഗ്രൂപ്പ് വിജയിയായിരിക്കും | January | English Teachers | English club |
| Padanolsavam | 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം നൽകുന്നു. | February | English Teachers | |

മേഖല : അക്കാദമികം

ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഹിന്ദി ഭാഷയിൽ താൽപര്യം ജനിപ്പിക്കൽ | ദൈനംദിന ജീവിതത്തിലെ വാചകങ്ങൾ ഹിന്ദിയിൽ ഉപയോഗിക്കാൻ പരിചയപ്പെടുത്തുന്നു. ചിത്രകഥകൾ വായിച്ച് കേൾപ്പിക്കുന്നു. | ജൂൺ ↓ ആഗസ്റ്റ് | ഹിന്ദി അധ്യാപകർ | |
| ഹിന്ദി ഭാഷ തെറ്റ് കൂടാതെ വായിപ്പിക്കാനുള്ള കഴിവ് നേടൽ | അക്ഷരങ്ങൾ, ചിഹ്നങ്ങൾ പുതിയ വാക്കുകൾ വാചകങ്ങൾ ഇവ തെറ്റു കൂടാതെ പശ്ശുതിപ്പിക്കുക. മത്സര വായന സംഘടിപ്പിച്ചു സമ്മാനം നൽകും. | സെപ്റ്റംബർ ↓ ഡിസംബർ | ഹിന്ദി അധ്യാപകർ | |
| എല്ലാ കുട്ടികൾക്കും ഹിന്ദി പറയാനും വായിക്കാനുമുള്ള കഴിവ് നേടൽ. ആശയ വിനിമയം നടത്താനുള്ള കഴിവ് | സംഭാഷണ മത്സരങ്ങൾ ചെറിയ സ്കിറ്റുകൾ, നാടകം എന്നിവ നടത്തും | ജനുവരി ↓ മാർച്ച് | ഹിന്ദി അധ്യാപകർ | |

മേഖല : അക്കാദമികം

ഉപമേഖല : അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| കാര്യക്ഷമമായ ശാസ്ത്രലാബ് മുറി ഒരുക്കൽ | കുട്ടികൾക്ക് സ്വതന്ത്രമായും സുരക്ഷിതമായും പരീക്ഷണം നടത്താനുമുള്ള ശാസ്ത്ര ലാബ് മുറി, ലാബ് ശാക്തീകരണം | ഒരു വർഷം | മാനേജ്മെന്റ് PTA പഞ്ചായത്ത് | |
| ശാസ്ത്ര ലൈബ്രറി തയ്യാറാക്കൽ | പാഠഭാഗത്തെ അധിക വായനക്കാവശ്യമായ പുസ്തകങ്ങൾ തയ്യാറാക്കുന്നു. ക്ലാസ് ലൈബ്രറിയിൽ ശാസ്ത്ര പുസ്തകങ്ങൾ കൂടുതൽ ഉൾപ്പെടുത്തുക | ഒരു വർഷം | PTA BRC | |
| ശാസ്ത്രബോധം വളർത്തൽ, ആകാശ ഗോളങ്ങളെ പറ്റി അറിവ് നേടൽ | ശാസ്ത്ര ക്ലബ്, വാനനിരീക്ഷണ ക്ലബ് നക്ഷത്ര നിരീക്ഷണം ശാസ്ത്ര ക്ലാസ് പരീക്ഷണ ശിൽപശാല | നവംബർ ↓ ജനുവരി | PTA | |

മേഖല : അക്കാദമികം

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിഭവ ഭൂപടം തയ്യാറാക്കൽ<br>കേരളത്തിലെ ജില്ലകളെ കുറിച്ചും ഇന്ത്യയിലെ ഭൂപടങ്ങളെ കുറിച്ചും ധാരണ ഉണ്ടാക്കൽ | ജിഗ്സോ നൽകി ഭൂപടം നിർമ്മിക്കൽ<br>കേരളം, ഇന്ത്യ ഔട്ട്ലൈൻ മാപ്പിൽ സംസ്ഥാനങ്ങളും ജില്ലകളും വരച്ചു ചേർക്കൽ | അക്കാദമിക വർഷം | S.S അധ്യാപകർ | PTA<br>SS ക്ലബ്ബ് |
| | **നന്മയുടെ നുറുങ്ങുവെട്ടം** | | | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനങ്ങൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാവുന്നു. | അക്കാദമിക വർഷം | S.S അധ്യാപകർ | |
| പഠന സാമഗ്രികൾ<br>സാമൂഹ്യശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ കണ്ടെത്തൽ | പഠനോപകരണങ്ങൾ, ഗ്ലോബുകൾ, അറ്റ്ലസുകൾ, ഭൂപടങ്ങൾ എന്നിവ വാങ്ങുന്നതിന് | അക്കാദമിക വർഷം | S.S അധ്യാപകർ | PTA |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ അടിസ്ഥാന ശേഷി ഉറപ്പുവരുത്തുന്നു. | Pre-test<br>പ്രത്യേക ക്ലാസുകൾ | ജൂൺ<br>ജൂലൈ | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിലെ കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരിയഡ് | ഗണിത അധ്യാപകരും മിടുക്കരായ വിദ്യാർത്ഥികളും | |
| ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത അസംബ്ലി<br>ജ്യോമെട്രിക് ചാർട്ട് പ്രദർശനം<br>പസ്സിൽ മത്സരം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

മേഖല : അക്കാദമികം

ഉപമേഖല : വിജയഭേരി, വിജയ സ്പർശം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| UP സ്കൂൾ കുട്ടികൾക്ക് അതാത് ക്ലാസിൽ നിന്നും ലഭിക്കേണ്ട ശേഷികൾ എല്ലാ കുട്ടികളിലും എത്തി എന്ന് ഉറപ്പ് വരുത്തുക. | അടിസ്ഥാനശേഷി പരിശോധന നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. പിന്നോക്കം നിൽക്കുന്ന മേഖലകൾ കണ്ടെത്തി പ്രത്യേകം തയ്യാറാക്കിയ module അനുസരിച്ച് പരിശീലനം നൽകുന്നു. | 3 മാസം | PTA | |
| കുട്ടികളുടെ പ്രാഥമിക കാര്യങ്ങൾ എല്ലാ ഭാഷകളിലും വാചികമായും ലിഖിതമായും പ്രകടിപ്പിക്കാൻ അവസരം നൽകി ശേഷി കൈവരിച്ച് എന്ന് ഉറപ്പ് വരുത്തുക. | വിലയിരുത്തൽ പരീക്ഷകൾ നടത്തി ഓരോ കുട്ടികളുടെയും പോരായ്മകൾ കണ്ടെത്തി തിരിച്ചറിഞ്ഞ് പഠന തന്ത്രങ്ങളിലൂടെ ശേഷികൾ കൈവരിക്കാനാവശ്യമായ സാഹചര്യം നൽകുന്നു. അതാത് module കൾക്ക് ശേഷം വിലയിരുത്തൽ നടത്തി പരിശീലനത്തിൽ നിന്നും മെച്ചപ്പെട്ടവരെ കണ്ടെത്തി ഒഴിവാക്കുന്നു. | 3 മാസം | PTA | |

മേഖല : അക്കാദമികം

ഉപമേഖല : കായികരംഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികം ഫലപ്രദമായി ചെയ്യുവാനും പ്രവർത്തിക്കുവാനും അവസരം ഒരുക്കൽ | നിലവിലുള്ള കളിസ്ഥലങ്ങൾ കായിക പ്രവർത്തനങ്ങൾ നടത്തുന്നതിനായി അനുയോജ്യമായ രീതിയിൽ മാറ്റിയെടുക്കുക. ഫുട്ബോൾ, വോളിബോൾ ഹാന്റ്ബോൾ, ഷട്ടിൽ ചെസ്സ് ഖോ - ഖോ, [illegible] കളികൾ പരിശീലിപ്പിക്കുക | ജൂൺ ജൂലൈ ആഗസ്റ്റ് | | |
| മികവ് പുലർത്തുന്ന കുട്ടികളെ വളർത്തൽ | കുട്ടികളെ പരിശീലിപ്പിച്ച് മത്സരങ്ങളിൽ പങ്കെടുപ്പിച്ച് മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്തുക<br>അന്താരാഷ്ട്ര യോഗദിനം ആചരിക്കുന്നു. | | | |
| കായികവും ആരോഗ്യശീലവും വളർത്തുക | വ്യായാമം എന്താണ്? ശാരീരിക ക്ഷമത മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യം<br>രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ | സെപ്റ്റംബർ ഒക്ടോബർ നവംബർ | | |
| ശാരീരികമായി പിന്നാക്കം നിൽക്കുന്ന കുട്ടികളെ മെച്ചപ്പെടുത്തുക. | ശാരീരികമായും മാനസികമായും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരുടെ രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ്<br>വ്യത്യസ്ത കായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | ഡിസംബർ ജനുവരി ↓ മാർച്ച് | | |

മേഖല : അക്കാദമികം

ഉപമേഖല : ആരോഗ്യസംരക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലഹരി വിമുക്ത സ്കൂൾ ആരോഗ്യ ശീലങ്ങൾ പാലിക്കുകയും പോഷകാഹാരം കഴിക്കുന്നതുമായ വിദ്യാർത്ഥികൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണം | വ്യക്തി ശുചിത്വം പരിസരം ശുചിത്വം ബോധവൽക്കരണം. പോസ്റ്റർ നോട്ടീസ് ക്ലാസ്തല ബോധവൽക്കരണം പോസ്കോ നിയമങ്ങൾ പരിചയപ്പെടൽ<br><br>വിരഗുളിക വിതരണം<br>മഞ്ഞപ്പിത്ത ബോധവൽക്കരണം, എലിപ്പനി ബോധവൽക്കരണം.<br>മഴക്കാലരോഗ പ്രതിരോധങ്ങൾ - ക്ലാസ്<br>dray day<br>കുടിവെള്ളം ക്ലോറിനേഷൻ<br>പോഷക വിഭവങ്ങൾ വിദ്യാർത്ഥികൾ പരിചയപ്പെടൽ | June to December | | |

മേഖല : അക്കാദമികം

ഉപമേഖല : പരിസ്ഥിതി ക്ലബ്ബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ വിദ്യാലയം | പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നടുക<br>പരിസ്ഥിതി ദിന പ്രതിജ്ഞ<br>സ്കൂൾ പരിസരത്ത് വിവിധ നിറത്തിലുള്ള ചെടികൾ വെച്ചുപിടിപ്പിച്ച് മനോഹരമാക്കുക.<br>ഗ്രോബാഗ്, ചട്ടി ഇവയിൽ വിത്ത് പാകുന്നു<br>ലഭ്യമായ നിലം കൃഷിക്കനു-യോജ്യമാക്കുന്നു.<br>പഴ ചട്ടികളിലെ മണ്ണ് മാറ്റി വളം ചേർത്ത് പുതിയ മണ്ണ് നിറക്കുന്നു.<br>കീടനിയന്ത്രണോപാധികൾ സ്വീകരിക്കുന്നു.<br>അടുക്കളത്തോട്ടം നിർമ്മി-ക്കുന്നു. | ജൂൺ to മാർച്ച് | അധ്യാപകർ PTA | |

മേഖല : അക്കാദമികം

ഉപമേഖല : ലൈബ്രറി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലം വളർത്തൽ | * ക്ലാസ് തലത്തിൽ ലൈബ്രറി ബുക്കുകൾ വിതരണം ചെയ്യുന്നു.<br>* ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ ഒരു വായന കുറിപ്പ് അവതരണം | ജൂൺ<br>ജൂലൈ | HM<br>PTA<br>Management | |
| വായനയിലൂടെ പഠനനിലവാരം മെച്ചപ്പെടുത്തൽ | *വായന ക്വിസ് വായന മത്സരം പത്രവായന മത്സരം തുടങ്ങിയവ<br>* കുട്ടികൾക്ക് ഇരുന്ന് വായിക്കാനുള്ള സൗകര്യം ഉണ്ടാക്കുന്നു. | ആഗസ്റ്റ് | | |
| സർഗാത്മകത വളർത്തൽ | Digital Library<br>കവികളെ കുറിച്ചുള്ള ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ പുസ്തക പ്രദർശനം | | | |

മേഖല : അക്കാദമികം

ഉപമേഖല : ഭാരത് സ്കൗട്ട് & ഗൈഡ്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാരത് സ്കൗട്ട് & ഗൈഡ്സിന്റെ നിയമങ്ങൾ പാലിച്ചു കൊണ്ടുള്ള യൂണിറ്റ് പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും കുട്ടികളുടെ മനോഭാവത്തിലും പ്രവർത്തിയിലും കാതലായ മാറ്റം വരുത്തി ഉത്തമ പൗരൻമാരായി വാർത്തെടുക്കുക. | * പ്രവേശ് പ്രഥമ സോപാൻ ദ്വിതീയ സോപാൻ എന്നി നിലവാര പരിശീലനം നൽകി കുട്ടികളെ പ്രാപ്തരാക്കുന്നു.<br>* സ്കൗട്ട് ദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു.<br>* scout guid നിയമങ്ങൾ കുട്ടികളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള അനുഭവങ്ങൾ നൽകുക | ഒരു വർഷം | | |

മേഖല : അക്കാദമികം

ഉപമേഖല : വിദ്യാരംഗം കലാസാഹിത്യവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗശേഷിയുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക | വായനാദിനാചരണവുമായി ബന്ധപ്പെട്ട് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും അനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>* കവിത രചന<br>* കഥാരചന<br>* ചിത്ര രചന<br>* പത്രവായന വാർത്താ വായന<br>* പുസ്തക പരിചയം<br>* വായന കുറിപ്പ് തയ്യാറാക്കൽ<br>* പതിപ്പ് നിർമ്മാണം<br>തുടങ്ങിയ മത്സരങ്ങൾ സ്കൂൾ തലത്തിൽ സംഘടിപ്പിച്ച് വിജയികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു | ഒരു വർഷം | വിദ്യാരംഗം & ലൈബ്രറി കൺവീനർ | |

## പ്രതീക്ഷിത നേട്ടങ്ങൾ

* ശിശു സൗഹൃദ പഠനാന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുക
* സ്കൂൾ പൊതുസമൂഹ ബന്ധം സാക്ഷാത്ക്കരിക്കുന്നു.
* വിദ്യാലയത്തിലേക്ക് പ്രവേശനം നേടുന്നവരുടെ എണ്ണത്തിൽ വർദ്ധനവ്
* മതനിരപേക്ഷ വിദ്യാലയാന്തരീക്ഷം നിലനിർത്തുക.
* വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവണതകൾക്ക് തടയിടുന്നു.
* എല്ലാ വിദ്യാർത്ഥികൾക്കും ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ്

## മത്സരപരീക്ഷ പരിശീലനം

യു. എസ്. എസ് അക്ഷരമുറ്റം വിജ്ഞാനോത്സവം വിവിധ സ്കോളർഷിപ്പുകൾ സ്കൗട്ട് ആന്റ് ഗൈഡ്സ് പരീക്ഷകൾ (പ്രവേശ്, പ്രഥമ സോപാൻ, ദ്വിതീയ സോപാൻ) സുഗമ ഹിന്ദി പരീക്ഷ വിവിധ ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തുന്ന ക്വിസ് മത്സരങ്ങൾ സംസ്കൃതം സ്കോളർഷിപ്പ്, വിവിധ ഭാഷകളുടെ സ്കോളർഷിപ്പ് പരീക്ഷകൾ തുടങ്ങിയ എല്ലാ മത്സരപരീക്ഷകളിലും പരിശീലനം നൽകി കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു.

## ഉപസംഹാരം

നമ്മുടെ നാടിന്റെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിയെ വളരെ അധികം സഹായിച്ചവയാണ് നമ്മുടെ പൊതു വിദ്യാലയങ്ങൾ. മാറുന്ന കാലത്തിന്റെയും ദേശത്തിന്റെയും മാറി വരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടു കൊണ്ടാണ് നമ്മുടെ പൊതുവിദ്യാലയങ്ങൾ ഇന്ന് വളരുന്നത്.

കാലഘട്ടത്തിന്റെ ആവശ്യകതകൾ നിറവേറ്റുന്നതിന് തലമുറകളെ സജ്ജമാക്കുകയാണ്, ഭൗതിക വിദ്യാഭ്യാസത്തിന്റെ ആത്യന്തിക പ്രായോഗിക ലക്ഷ്യം. ഓരോ കുട്ടിയും വ്യത്യസ്തമായിരിക്കുന്നത് പോലെ ഓരോ കുട്ടിയുടെയും പഠനരീതിയും വ്യത്യസ്തമായിരിക്കും, എന്ന പുതിയ കാലത്തിന്റെ തിരിച്ചറിവ് നമ്മുടെ വിദ്യാലയങ്ങളുടെ ഗുണപരമായ പരിവർത്തനങ്ങൾക്ക് കളമൊരുക്കിയിട്ടുണ്ട്.

നാട്യങ്ങളേതുമില്ലാത്ത നന്മകളാൽ സമ്പന്നമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാന്യതയും കാത്തു സൂക്ഷിക്കുന്നതിനും അവയെ കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന ശുഭ പ്രതീക്ഷയോടെ നിർത്തട്ടെ

- കൺവീനർ
എസ്. ആർ. ജി